എച്ച്. ഐ.വി. യുടെയും എയ്ഡ്സിന്റെയുമൊക്കെ ഈ കാലഘട്ടത്തിൽ ആരോഗ്യ രംഗത്ത് വളരെ കൂടുതൽ സൂക്ഷ്മതയും നിയന്ത്രണങ്ങളും ആവശ്യമാണ്. ഗവൺമെന്റ് ആ അർത്ഥത്തിൽ തന്നെ അത് കണ്ടിട്ടുണ്ട്. അതിന് ആവശ്യമായ നിയമനിർമ്മാണത്തിന് ഗവൺമെന്റ് മുതിരുകയാണ്. ഇപ്പോഴത്തെ മെഡിക്കൽ/പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് അനുവദിക്കുന്നതുതന്നെ പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിന് വിധേയമായിട്ടായിരിക്കണം എന്നതാണ് ഗവൺമെന്റ് തീരുമാനം. അതുപോലെതന്നെ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതും പാരാമെഡിക്കൽ കൗൺസിലിന്റെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം എന്നതാണ് ഗവൺമെന്റ് കാഴ്ചപ്പാട്. അതുകൊണ്ട് ആ രംഗത്ത് ആവശ്യമായ ശ്രദ്ധ പതിപ്പിക്കുന്നതും ആവശ്യമായ നടപടി സ്വീകരിക്കുന്നതുമായിരിക്കും എന്ന് അങ്ങയെ അറിയിക്കുന്നു. ഞാൻ സൂചിപ്പിച്ചതുപോലെ നമ്മുടെ നിലവിലുള്ള പദ്ധതികളിലുൾപ്പെടുത്തി അവരുടെ ക്ഷേമം ഉറപ്പുവരുത്താൻ കഴിയുമെന്നുള്ളതുകൊണ്ട് ഇവർക്ക് മാത്രം പ്രത്യേക ക്ഷേമനിധിയെന്ന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ഗവൺമെന്റ് തന്നെ മുൻകൈയെടുത്ത് അങ്ങനെ ഒരു ബിൽ അവതരിപ്പിക്കുമ്പോൾ ഞാൻ സൂചിപ്പിച്ച വിഭാഗത്തിന്റെ ക്ഷേമം ഉറപ്പാക്കുമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ സഭയുടെ അനുമതിയോടെ പ്രമേയം പിൻവലിക്കുന്നു.

മി. ചെയർമാൻ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.)

8. 2005-ലെ ഇഷ്ടിക കളങ്ങളിൽ തൊഴിൽ ചെയ്യുന്നവർക്കു വേണ്ടിയുള്ള ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: 2005-ലെ ഇഷ്ടിക കളങ്ങളിൽ തൊഴിൽ ചെയ്യുന്നവർക്കുവേണ്ടിയുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): ഇഷ്ടികകളങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മാത്രമായി ഒരു ക്ഷേമനിധിയെന്നത് പ്രായോഗികമായി പ്രയാസമുള്ള കാര്യമാണ്. മാത്രമല്ല ഇഷ്ടിക കളങ്ങളിലെ തൊഴിൽ സ്ഥിരമായ ഒരു ജോലിയല്ല; അത് സീസണൽ വർക്കാണ്. ശ്രീ. പ്രതാപവർമ്മ തമ്പാന്റെ മണ്ഡലത്തിലാണ് ഇത്തരം തൊഴിലാളികൾ ഏറ്റവും കൂടുതൽ പണിയെടുക്കുന്നത്. അവിടെ പണിയെടുക്കുന്നവരിൽ ഭൂരിഭാഗവും കേരളീയർ അല്ലെന്നുള്ളതാണ് ഒരു വസ്തുത; പണിയെടുക്കുന്നവരിൽ കൂടുതലും ബീഹാറുകാരും നേപ്പാളുകാരുമാണ്. അവരെ കൂടി ഒരു ക്ഷേമ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് പ്രായോഗികമായ ചില പ്രശ്നങ്ങളുണ്ട്. മാത്രമല്ല എല്ലാ വിഭാഗങ്ങൾക്കും പ്രത്യേക ക്ഷേമനിധി എന്നത് പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഒരു പൊതു ക്ഷേമനിധി, തൊഴിലാളികൾക്കാകെ— കേന്ദ്ര ഗവൺമെന്റ് അസംഘടിത മേഖലയിലുള്ള തൊഴിലാളികൾക്കെല്ലാം,

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെയുള്ള ആനുകൂല്യങ്ങൾ കൊടുക്കാൻ ഒരു പൊതു നിയമത്തെ സംബന്ധിച്ച് ഒരു പൊതു പദ്ധതിയെ സംബന്ധിച്ച് പ്രഖ്യാപിച്ചു കഴിഞ്ഞു. ആ തീരുമാനം കൂടി കണക്കിലെടുത്ത്, നിലവിലുള്ള, ക്ഷേമ നിധി സ്കീമിൽ അവരെ ഉൾപ്പെടുത്താൻ കഴിയുമോ, അല്ലെങ്കിൽ അവർക്ക് പ്രത്യേകം സ്കീം ഉണ്ടാക്കി ഉൾപ്പെടുത്താൻ കഴിയുമോ എന്ന് ഗവൺമെൻറ് പരിശോധിക്കാം. അതുകൊണ്ട് പ്രത്യേക ക്ഷേമനിധി എന്ന ബില്ലിൻെറ അവതരണാനുമതിക്കുള്ള പ്രമേയത്തെ ഞാൻ എതിർക്കുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതു പോലെ, എൻെറ നിയോജകമണ്ഡലം കെട്ടിടനിർമ്മാണ സാമഗ്രികളുടെ ഈറ്റില്ലമാണ്. ഏറ്റവും കൂടുതൽ ഇഷ്ടികകളങ്ങൾ ഉള്ള തെക്കൻപ്രദേശമാണത്. ഏതാണ്ട് അഞ്ഞൂറോളം SSI Registration ഉള്ള വയർകട്ട് ബ്രിക്സ് സ്ഥാപനങ്ങളും, അതുപോലെ ചെറുകിട ഇഷ്ടിക കളങ്ങളും ഇവിടെയുണ്ട്. അതുപോലെ ഏറ്റവും കൂടുതൽ പാറ പൊട്ടിക്കുന്ന ക്വാറികളും ഉള്ള സ്ഥലവുമാണ് അത്. ഏറ്റവും കൂടുതൽ മണലിൻെറ പ്രവർത്തനം നടക്കുന്നതും ഇവിടെത്തന്നെ. ഒരു കാലത്ത് നിർമ്മാണ സാമഗ്രികളുടെ മുഴുവൻ പ്രധാനപ്പെട്ട കേന്ദ്രം ആയിരുന്നു അവിടം. ഞാൻ ഈയിടെ ഒരു സിനിമ കണ്ടു. അതിനുശേഷമാണ് സത്യത്തിൽ ഒരു ഐഡിയ വന്നത്, "മീർയുടെ ദുഃഖവും മുത്തുവിൻെറ സ്വപ്നവും" എന്ന സിനിമയാണ്. അത് ഇഷ്ടികക്കളങ്ങളെ ബേസ് ചെയ്തുകൊണ്ടുള്ളതായിരുന്നു. ഇവിടെ ജർമ്മൻ ചൂളകൾ വരെ വച്ചുനടത്തുന്ന വലിയ ഫാക്ടറികൾ ഉണ്ട്. മുസലിയാർ ഗ്രൂപ്പുൾപ്പെടെ, എല്ലാ ബിസിനസ് ചെയ്യുന്നവരും, ഈ മേഖലയിൽ ഉണ്ട്. മൈനിംഗ് ആൻറ് ജിയോളജി വകുപ്പിൻെറ ഒരു പ്രധാനപ്പെട്ട രേഖ നമ്മുടെ സഭയിൽത്തന്നെ ലഭ്യമാക്കിയിട്ടുണ്ട്. മുൻകാലങ്ങളിൽ വീട് നിർമ്മിക്കുന്നതിന് ഉപയോഗിച്ചിരുന്നത് കളിമണ്ണാണ്. ഇന്ന് മൺപാത്രങ്ങൾ, ഇഷ്ടിക, ഓട് എന്നിവ നിർമ്മിക്കുന്നതിനാണ് ഇതുപയോഗിക്കുന്നത്. കൊല്ലം ജില്ലയിലെ എൻെറ മണ്ഡലത്തിൽപ്പെട്ട പള്ളിമൺ, വെളിച്ചിക്കാല എന്നീ സ്ഥലങ്ങളിൽ ചീനക്കളിമൺ നിക്ഷേപം ധാരാളമായി കണ്ടെത്തിയിട്ടുണ്ട്. അതുപോലെ തന്നെ, കണ്ണൂർ ജില്ലയിലെ പഴയങ്ങാടി, കണ്ണപുരം, രാമപുരം, ചെറുതാഴം, പട്ടുവം, മാടായി എന്നിവിടങ്ങളിലും, കാസർഗോഡ് ജില്ലയിൽ പുതുക്കോയ്, കണ്ണങ്കോട്, ഇരിക്കോട്, നീലേശ്വരം, സീതാംഗോളി, നിയാപതം എന്നിവിടങ്ങളിലും കണ്ടിട്ടുണ്ട്. ബാർക്കേ ആണിത്. എൻെറ മണ്ഡലത്തിലും ചില പ്രദേശങ്ങളിൽ കണ്ടിട്ടുണ്ട്. അതുപോലെ തന്നെ ഫയർക്കേ എന്നു പറയുന്ന കളിമണ്ണ് 1450 ഡിഗ്രി സെൽഷ്യസ് വരെയുള്ള താപനില ചെറുക്കുവാൻ കഴിയുന്നതാണ്. കൊല്ലം ജില്ലയിലെ, എൻെറ മണ്ഡലത്തിലെ കുണ്ടമൺ, പള്ളിമൺ തുടങ്ങിയ സ്ഥലങ്ങളിലും, ആലപ്പുഴ ജില്ലയിലെ താമരക്കുളം, എറണാകുളം ജില്ലയിലെ ആമ്പല്ലൂർ, കാഞ്ഞിരമറ്റം, കീഴ്മാട് എന്നീ സ്ഥലങ്ങളിലും, തൃശ്ശൂർ ജില്ലയിലെ പൂമംഗലം, കണ്ണൂർ ജില്ലയിലെ പട്ടുവം എന്നീ സ്ഥലങ്ങളിലും കളിമൺ നിക്ഷേപം ധാരാളമായി കണ്ടുവരുന്നു. ആയിരക്കണക്കിന് തൊഴിലാളികൾ ഈ ഇഷ്ടിക കളങ്ങളിൽ തൊഴിലെടുക്കുന്നു. അങ്ങ് സൂചിപ്പിച്ച ഒരു കാര്യം വാസ്തവമാണ്. എൻെറ മണ്ഡലത്തിലെ ഈ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരിൽ തൊണ്ണൂറു ശതമാനവും മലയാളികൾ അല്ല. ഹൈ ഏക്സ്പ്രസ് കൊല്ലം സ്റ്റേഷനിൽ നിന്ന് പോകുന്ന ദിവസങ്ങളിൽ ഉച്ചയ്ക്ക് കൊല്ലം റെയിൽവെ സ്റ്റേഷനിൽ നോക്കിയാൽ ഏതോ പാർട്ടിയുടെ സംസ്ഥാന സമ്മേളനം നടക്കുന്നതുപോലെയുള്ള ജനക്കൂട്ടമാണ്. ബംഗാളികളുടെ

LIBRARY ARCHIVES Kerala Legislative Assembly

സാഹോദര്യം കാണണമെങ്കിൽ അന്ന് കൊല്ലം റെയിൽവേ സ്റ്റേഷനിൽ വരണം. ഒരാളെ യാത്രയാക്കാൻ നൂറു പേരെങ്കിലും കാണും. ഏറ്റവും കൂടുതൽ പ്ലാറ്റ്ഫോം ടിക്കറ്റ് ചെലവാകുന്ന ദിവസമാണ് അത്. ബംഗാളിൽ ഇവർ കത്തയച്ചിരിക്കുന്നത് അവർ ഗംഭീരമാണെന്നാണ്, ഇവിടെ അവർക്ക് അറുപതു രൂപ മുതൽ നൂറു രൂപവരെ കൂലിയുണ്ട്. ഇരുപതു രൂപ മുതൽ 30 രൂപവരെയാണ് അവരുടെ നാട്ടിൽ കൂലി. അങ്ങനെ പണിയെടുക്കുന്നവർക്ക് ഇവിടെ കിട്ടുന്ന കൂലി വലുതാണ്. കേരളത്തിലുള്ളവർ ഈ തൊഴിലുമായി ബന്ധപ്പെടാത്തത് ഈ അരക്ഷിതാവസ്ഥ കൊണ്ടാണ്. ബംഗാളികളും ബീഹാറികളുമായി അയ്യായിരത്തോളം പേർ എന്റെ മണ്ഡലത്തിലുണ്ടെന്നേതാണ് വാസ്തവം. ഉത്തുംഗ സൗധങ്ങളും മണിമന്ദിരങ്ങളും നിർമ്മിക്കുന്നതിന് ഈ പാവങ്ങൾ വേണം. നമ്മൾ കെട്ടി ഉയർത്തിയിരിക്കുന്ന സൗധങ്ങളെല്ലാം ഇവരുടെ വിയർപ്പു കൊണ്ട് ഉണ്ടായതാണ്. ഇവർക്ക് സ്വന്തമായി വീടുണ്ടോ എന്ന് തിരക്കിയാൽ കാണില്ല. പ്രഭാതം മുതൽ പ്രദോഷം വരെ പണിയെടുത്താൽ കിട്ടുന്നത് വളരെ തുച്ഛമായ കൂലിയാണ്. കശുവണ്ടി ഫാക്ടറികളിൽ പണിയില്ലാത്തതുകൊണ്ട് ധാരാളം സ്ത്രീകളും പണിയെടുക്കുന്നു. മഴമൂലം അടുക്കി വച്ചിരിക്കുന്ന ഇഷ്ടികകൾ അലിഞ്ഞുപോയാൽ, പണി ഇല്ലാതാകുന്ന സ്ഥിതിയുണ്ട്. മണ്ണ് കുഴയ്ക്കുകയും ഇഷ്ടിക ഉണ്ടാക്കാൻ തട്ടുകളിൽ നിറയ്ക്കുകയും, അടുക്കുകയും ചെയ്യുന്നതൊക്കെ സ്ത്രീകളാണ്. ഇവരുടെ സ്ഥിതി ദയനീയമാണ്. ഒരു ഓലക്കീറ് കുത്തിമറച്ച് അതിന്റെ കീഴിൽ ചെറിയ കുട്ടികളെയും കിടത്തിയാണ് അവർ ഇവിടെ പണിയെടുക്കുന്നത്. അങ്ങനെയുള്ള തൊഴിൽ എടുക്കുന്നവർക്ക്, രമ്യഹർമ്മ്യങ്ങളിൽ താമസിക്കുന്ന നമുക്ക്, അതെല്ലാം നിർമ്മിച്ചു തരാൻ വേണ്ടി കഷ്ടപ്പെടുന്ന അവർക്ക്, ആശ്വാസം നൽകാൻവേണ്ടി എന്തെങ്കിലും ക്ഷേമപദ്ധതി ആവശ്യമാണ്, അനിവാര്യമാണ്. അടിസ്ഥാന വർഗ്ഗം തൊഴിലാളികളാണ്. മണ്ണിനോടുതന്നെയാണ് ഇവർ പൊരുതുന്നത്. ഈ കാര്യത്തിൽ ആർക്കും തർക്കം ഉണ്ടാവാൻ സാദ്ധ്യതയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിന് അവതരണാനുമതി നൽകണമെന്നാണ് എന്റെ അഭ്യർത്ഥന.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ); സർ, ഞാൻ നേരത്തെ സൂചിപ്പിച്ചു, ഇവർക്ക് മാത്രമായി ഒരു ക്ഷേമനിധി എന്നുള്ളത് പ്രായോഗികമായി ബുദ്ധിമുട്ടുള്ള കാര്യമാണ് എന്ന്. നിർമ്മാണത്തൊഴിലാളി ക്ഷേമപദ്ധതിയിൽ ഇവരെക്കൂടി ഉൾപ്പെടുത്താൻ കഴിയുമോ എന്നുള്ളത് നോക്കാം. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധികളിൽ ഏറ്റവും നല്ലതായി പ്രവർത്തിക്കുന്ന ഒരു ക്ഷേമനിധിയാണിത്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് ഇഷ്ടിക നിർമ്മാണം. അതുകൊണ്ട് ഇഷ്ടിക നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ നിർമ്മാണ തൊഴിലാളികളുടെ ക്ഷേമപദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്നുള്ളത് പ്രത്യേകം പരിശോധിക്കുന്നതാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ, മലയാളികൾ ഇൻഡ്യയിൽ എല്ലാ ഭാഗത്തും പോയി ജോലി ചെയ്യുന്നവരാണ്. ഒരു കാലഘട്ടത്തിൽ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നമ്മുടെ പ്രസൻസ് ഉണ്ടായിരുന്നു. ഇപ്പോഴും മിക്കവാറും വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ തൊഴിലാളികളുടെ എണ്ണത്തിൽ, മലയാളികളുടെ യഥാർത്ഥ കണക്ക് ഇപ്പോഴും ഞങ്ങൾ എടുത്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽ നിന്ന് വന്ന് പണിയെടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളെ, emigrant labour-നെ സംബന്ധിച്ച് ഒരു സ്റ്റാറ്റിസ്റ്റിക്സ് ഞങ്ങൾ എടുത്തുകൊണ്ടിരിക്കുകയാണ്. കൃത്യമായ സ്റ്റാറ്റിസ്റ്റിക്സ് ഇല്ല. emigrant labour-ന്റെ നിയന്ത്രണത്തെ സംബന്ധിച്ചും, നിലവിലുള്ള നിയമം അനുസരിച്ച് ഇങ്ങനെ കൊണ്ടുവരുന്ന തൊഴിലാളികളുടെ കൂലിയും ജോലി വ്യവസ്ഥയുമൊക്കെ നിയന്ത്രിക്കുന്നതിനും അതു നിജപ്പെടുത്തുന്നതു സംബന്ധിച്ചുമുള്ള സംവിധാനങ്ങൾ ഇന്നുണ്ട്. ഇത്തരം തൊഴിലാളികളെ കൊണ്ടുവരുന്ന കോൺട്രാക്ടർമാർ രജിസ്റ്റർ ചെയ്തിരിക്കണമെന്നുണ്ട്. തൊഴിലാളികളുടെ പേരും അഡ്രസ്സും സഹിതം രജിസ്റ്റർ ചെയ്തിരിക്കണമെന്നാണ് നിലവിലുള്ള നിയമം. അതു നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. പക്ഷെ ചില ബുദ്ധിമുട്ടുകൾ ഉണ്ട്. അന്യ സംസ്ഥാനത്തു നിന്ന് തൊഴിലാളികൾ ഇവിടെ വന്ന് തൊഴിലെടുക്കുന്നതിനെ നമുക്ക് നിരുൽസാഹപ്പെടുത്താൻ കഴിയില്ല. മലയാളികൾ ലോകത്തെമ്പാടും പോയി തൊഴിലെടുക്കുന്നവരാണ്. അങ്ങനെയുള്ള ഒരു സമൂഹത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് തൊഴിലെടുക്കാനായിട്ട് ഇവിടെ ആളുകൾ വരുന്നതിനെ നമുക്ക് നിരോധിക്കാൻ കഴിയില്ല. അവരെ നിയന്ത്രിക്കാനും പരിമിതികൾ ഉണ്ട്. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് അവിടെ പണിയെടുക്കുന്ന തൊഴിലാളികളുടെ കൂലിയും മറ്റു ജോലി വ്യവസ്ഥകളും അവരുടെ ജോലി സംബന്ധിച്ച സമയനിബന്ധനകളുമൊക്കെ പാലിക്കുന്നുണ്ടോ എന്നും അവർക്കാവശ്യമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോയെന്നും ഉറപ്പു വരുത്തുന്നതിന് ലേബർ വകുപ്പ് ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഈയടുത്ത കാലത്ത് തിരുവനന്തപുരത്ത് ഒരു നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് രണ്ടു തൊഴിലാളികൾ മരിക്കാനിടയായി. മരിച്ച തൊഴിലാളികളുടെ യഥാർത്ഥ അഡ്രസ്സ് കണ്ടെത്തി അവരുടെ ഡെഡ്ബോഡി എത്തിക്കാൻ ബുദ്ധിമുട്ടി. അവസാനം എല്ലാം പരിശോധിച്ചു വന്നപ്പോൾ വെസ്റ്റ് ബംഗാളിൽ ഹിമാലയൻ താഴ്വരയിലെ ആലിപ്പൂർ എന്ന സ്ഥലത്തു നിന്നാണ് ഈ തൊഴിലാളികൾ കേരളത്തിൽ പണിയെടുക്കുന്നതെന്ന് മനസ്സിലായി. ആ ഡെഡ്ബോഡി തിരിച്ചെത്തിക്കുന്നതിന് വലിയ ബുദ്ധിമുട്ടും പ്രയാസവുമുണ്ടായി. ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് നമ്മുടെ സംസ്ഥാനത്തേക്കു വരുന്ന emigrant labour-ന്റെ ഒപാതു കണക്കെടുക്കാനും അവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്താനും ലേബർ ഡിപ്പാർട്ടുമെന്റ് ഒരു ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ നിന്ന് കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ അതു നിയന്ത്രിക്കുന്നതിനും ഇത്തരം തൊഴിലാളികളുടെ ക്ഷേമകാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് പ്രത്യേകമായി, ഇഷ്ടികത്തൊഴിലാളികൾക്ക് മാത്രമായി ഒരു ക്ഷേമനിധി എന്ന ആശയത്തോട് യോജിക്കാൻ കഴിയാത്തതുകൊണ്ട് അങ്ങ് ഈ ബിൽ പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വി. ചെയർമാൻ: ശ്രീ. പ്രതാപവർമ്മ തമ്പാൻ, അങ്ങയുടെ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇവരെ അംഗമാക്കണമെന്ന നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. പക്ഷെ അതിനകത്തുള്ള ഒരു പ്രശ്നമെന്താണെന്നു വച്ചാൽ യൂണിയൻ നേതാക്കൻമാർ നയിക്കുന്ന ഒരു ബോർഡാണ് കെട്ടിട

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്. അതുകൊണ്ട് ദയവുചെയ്ത് ഉദ്യോഗസ്ഥൻമാർ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സിറ്റിംഗ് വച്ച് യഥാർത്ഥ തൊഴിലാളികളെ മാത്രമല്ല, മറ്റെല്ലാ കെട്ടിട നിർമ്മാണത്തൊഴിലാളികളേയും ഈ ക്ഷേമനിധിയിൽ ഒരു അംഗമാക്കുന്ന സ്ഥിതിവിശേഷം ഉണ്ടാക്കുന്നതിനുവേണ്ടി ഒരു നിർദ്ദേശം കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അവശരായ കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകാമെന്നുള്ള നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം പിൻവലിക്കുന്നു.

മി. ചെയർമാൻ: ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ അവതരിപ്പിച്ച പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

(പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു).

(9) 2005-ലെ സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2005-ലെ സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ മറ്റു രണ്ടു ബില്ലുകളിലും ചൂണ്ടിക്കാണിച്ച പ്രശ്നം തന്നെയാണ് ഇതിലുമുള്ളത്. സെൽഫ് ഫിനാൻസിംഗ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്നു പറയുന്നത് നമ്മുടെ സംസ്ഥാനത്ത് അടുത്ത കാലത്തായി വളർന്നു വരുന്ന ഒരു മേഖലയാണ്. നിരവധി തൊഴിലാളികളും ഈ രംഗത്തുണ്ട്. പക്ഷെ അവിടെയും ക്ഷേമനിധിയുടെ പൊതുവായ കാര്യം പറയാനുള്ളത്, ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്ഷേമനിധികളിൽ പലതിനേറെയും നിലനിൽപ്പ് അപകടത്തിലാണ്. രണ്ട് കാര്യങ്ങൾ കൊണ്ടാണ്. ഒന്നാമത്, അതിന്റെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ് വരുമാനത്തിന്റെ നിശ്ചിത ശതമാനത്തിൽ കൂടാൻ പാടില്ല എന്നുണ്ട്. വരവിന്റെ 7%, 9% വരെ പോകാം. കൂടുതൽ വരുമാനവുമുള്ളതാകുമ്പോൾ അതു കുറയ്ക്കുകയും വേണം. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബിൽ സംബന്ധിച്ച് ഈ സഭയിൽ ചർച്ച യുണ്ടായി. ഒന്നര കോടി രൂപ അതിന്റെ എസ്റ്റാബ്ലിഷ്മെൻറ് എക്സ്പെൻസസ് വരുമ്പോൾ അത് ഒരു വർഷം വിതരണം ചെയ്യുന്ന ക്ഷേമപദ്ധതി....

ശ്രീ. തമ്പാനൂർ രവി: സർ, ഇവിടെ ചർച്ച ചെയ്ത കാര്യമാണ്, സമാന സ്വഭാവമുള്ള ഒരുപാട് ക്ഷേമപദ്ധതികളും ഉണ്ട്. അവയെ ഏകോപിപ്പിച്ചിട്ട് എണ്ണം കുറച്ചാൽ എസ്റ്റാബ്ലിഷ്മെൻറ് എക്സ്പെൻസസ് കുറയ്ക്കാൻ കഴിയും. അതിനെക്കുറിച്ച് ഗവൺമെൻറ് പരിശോധന നടത്തുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ഗവൺമെൻറ് അതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ആ വെൽഫയർ ഫണ്ടിന്റെ കീഴിൽത്തന്നെ ഇപ്പോൾ പുതിയതായി നമ്മൾ ആരംഭിച്ച രണ്ടു-മൂന്നു സ്കീമുകൾ ഉണ്ട്. പ്രത്യേകിച്ച് ബോർഡായിട്ടല്ല ആരംഭിച്ചത്. അലക്കു തൊഴിലാളികൾ, ബാർബർ തൊഴിലാളികൾ എന്നിവർക്കുള്ള ക്ഷേമനിധി ഇതെല്ലാം ലേബർ വെൽഫയർ ഫണ്ടിന്റെ കീഴിൽ പ്രത്യേക സ്കീമു

LIBRARY ARCHIVES Kerala Legislative Assembly